ഭരണഭാഷ മാതൃഭാഷ

**കുറ്റ്യാടി ഗ്രാമപഞ്ചായത്ത് കാര്യാലയം**
പി.ഒ. കുറ്റ്യാടി, പിൻ: 673 525 കോഴിക്കോട് ജില്ല.
ഫോൺ :0496 – 2597250,മൊബൈൽ :9496048131 email: secretarykuttiadi@gmail.com

## പരിശോധനാ റിപ്പോർട്ട് 22/05/2024

കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ കുറ്റ്യാടി വില്ലേജ്ജിൽ റി.സ.48/3 ൽപ്പെട്ട 4.45ആര് സ്ഥലത്ത് 2398.73 ച.മി വിസ്തൃതിയിലുള്ളതും വാണിജ്യാവശ്യത്തിനായി ഉപയോഗിക്കാൻ വേണ്ടിയുള്ളതുമായ കെട്ടിട നിർമ്മാണ പെർമ്മിറ്റിനായി ശ്രീ.വി.എം.മുഹമ്മദ്,റഷീദ്, മുഹമ്മദ്ഫാറൂഖ്,മുഹമ്മദലി.കളതിതൽ,കുറ്റ്യാടിപി.ഒ എന്നിവർ 19/10/2016തിയ്യതിയിൽഅപേക്ഷ സമർപ്പിക്കുകയുംആയതിന്റെഅടി സ്ഥാനത്തിൽ **24/11/2017** തിയ്യതിയിൽ **A2-6440/2016** നമ്പറായി പെർമ്മിറ്റ് അനുവദിക്കുയും ചെയ്തിനുന്നു.പ്രസ്തു പെർമ്മിറ്റ് കാലാവധി അവസാനിച്ചതിനാൽ 20/11/2020 തിയ്യതിയിലെ **A2-4331/2020** നമ്പറായി പ്രസ്തുത പെർമ്മിറ്റ് പുതുക്കാനുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ വടകര-കുറ്റ്യടി റോഡിൽന്നിന്നും പേരാമ്പ്ര-കുറ്റ്യാടി റോഡിലേയ്ക്ക് ഒരു പുതിയ ബൈപ്പാസ് വരുന്നതായും പ്രസ്തുത ബൈപ്പാസ് അവസാനിക്കുന്നത് മേല് പറഞ്ഞ കെട്ടിടത്തിനോട് ചേര്ന്നാണെന്നുമുള്ള കാരണം കാണിച്ച് പെർമ്മിറ്റ് പുതുക്കി നൽകിയിരുന്നില്ല. ആയതിന് ടിയാള് സർക്കാര് തലത്തില് അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാ നത്തില് **30/05/2022** തിയ്യതിയിലെ അദാലത്തില് പ്രസുത പെർമ്മിറ്റ് പുതുക്കിനൽകാന് ഉത്തരാവായതിനാല് **23/11/2023** വരെ കാല യളവിലേയ്ക്ക് പെർമ്മിറ്റ് പുതുക്കിനൽകുകയും ചെയ്തു.ആയത് പ്രകാരം പ്രസ്തു കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി ടിയാള് **4143/2022** നമ്പറായി അപേക്ഷ സമർപ്പിച്ച സന്ദർഭത്തില് നിർദ്ദിഷ്ട

കെട്ടിടം കുറ്റ്യാടി ബൈപ്പാസിനായി ഉത്തരവായിട്ടുള്ള ഭൂമിയിലേയ്ക്ക് 1.70 മീറ്റര് കടന്ന് നിർമ്മാണം നടത്തിയതായും,KPBR ചട്ടങ്ങൾ പ്രകാരമുള്ള ചില ന്യൂനതകള് ഉള്ളതുകൊണ്ടും കെട്ടിട നമ്പര് അനുവദിച്ചിരുന്നില്ല . എന്നാല് കെട്ടിട നിർമ്മാണത്തിന് പെർമ്മിറ്റ് അനവദിച്ച സമയത്തോ, പെർമ്മിറ്റ് പുതുക്കിനൽകിയ സമയത്തോ നിർദ്ദിഷ്ട ബൈപ്പാസിനായിബന്ധപ്പെട്ട നോട്ടിഫിക്കേഷന് ഇല്ലായിരുന്നു. കേരള സർക്കാറിന്റെ 12/01/2023 തിയ്യതിയിലെ G.O.(P)No. 7/2023/RD നമ്പറായാണ് നോട്ടിഫിക്കേഷൽ ആയത്. ബൈപ്പാസിനായി ഉത്തര വായിട്ടുള്ള ഭൂമിയിലേയ്ക്ക് 1.70 മീറ്റര് കടന്ന് നിർമ്മാണം നടത്തിയ തിനുപകരമായി പ്രസ്തുത കെട്ടിടത്തിനോട് ചേർന്ന് ടിയാളുടെ ഉടമസ്ഥതയിലുള്ള 10 സെന്റ് വസ്തു മേല് പറഞ്ഞ ബൈപ്പാസിനാവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് ടിയാൾക്ക് സമ്മതമാണെന്നുള്ള സമ്മതപത്രവും ആയതിന്റെആധാരത്തിന്റെ പകർപ്പും ഇതോടൊന്നിച്ച് ചേർക്കുന്നു. മേൽപ റയുന്ന കെട്ടിടത്തിന് പാർക്കിംഗായി കാണി ച്ചിട്ടുള്ള ബേസ്മെന്റ് ഒഴികെ തറനില,ഒന്നാംനില, എന്നിങ്ങനെയാണ്. ആയതില് ഒന്നാം നിലയ്ക്ക്, പാർക്കിംഗിനായി മേൽപറഞ്ഞ ബേസ്മെന്റിന്റെ ന്യൂനത പരിഹരിക്കേണ്ടതുണ്ട്. തറനിലയ്ക്ക് ആവശ്യമായ പാർക്കിംഗ് കെട്ടിടത്തിന്റെ മുൻവശത്ത് ഉള്ളതായും കാണുന്നു.മേൽപറഞ്ഞ KPBR ചട്ടങ്ങൾ പ്രകാരമുള്ള ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട്.ആയതിനാൽപാർശ്വൽകംപ്ലീഷൻ സമർപ്പിക്കുന്ന മുറയ്ക്ക് തറനിലയയ്ക്ക കെട്ടിട നമ്പർ അനുവദിക്കുന്നതാണ്. തുടര്നടപടി ക്കായി സമർപ്പിക്കുന്നു.

KUTTIADY GRAMA PANCHAYAT KUTTIADY P.O

BABU.O
Secretary
Kuttiady Grama Panchayath
Ph: 9496048131